കേരള സാഹിത്യ അക്കാദമി
തൃശൂർ
07.02.2018

പത്രക്കുറിപ്പ്

# കവർ രൂപകൽപന, പുസ്തകനിർമിതി, സ്റ്റാൾ അവാർഡുകൾ

തൃശൂർ : കേരള സാഹിത്യ അക്കാദമി ദേശീയപുസ്തകോത്സവം-2018 ന്റെ ഭാഗമായി കവർ, പുസ്തക നിർമ്മിതി, സ്റ്റാൾ അവാർഡുകൾ പ്രഖ്യാപിച്ചു.

കവർ രൂപകല്പന ഒന്നാംസമ്മാനം വിപിൻദാസിനും, രണ്ടാംസമ്മാനം രാജേഷ് ചാലോടിനും ലഭിച്ചു. 3000 ബിസി സ്ക്രിപ്റ്റ് മ്യൂസിയം പ്രസിദ്ധീകരിച്ച പ്രൊഫ.എൻ.എൻ.രാമൻകുട്ടിയുടെ 'കാലാവസ്ഥാവ്യതിയാനവും സുസ്ഥിര ജൈവകൃഷിയും' എന്ന പുസ്തകത്തിന്റെ കവറിനാണ് വിപിൻദാസിന് ഒന്നാംസമ്മാനം. ഗ്രീൻ ബുക്സ് പ്രസിദ്ധീകരിച്ച ഷാഹിന ഇ.കെ.യുടെ 'ഫാന്റം ബാത്ത്' എന്ന പുസ്തകത്തിന്റെ കവറിനാണ് രാജേഷ് ചാലോടിന് രണ്ടാംസമ്മാനം.

പുസ്തകനിർമ്മിതി ഒന്നാംസമ്മാനം കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ടിനും രണ്ടാംസമ്മാനം കേരള ശാസ്ത്ര സാഹിത്യ പരിഷത്തിനുമാണ്. മലബാർ കാൻസർ സെന്ററിന്റെ 'സ്തനാർബുദം' എന്ന പുസ്തകത്തിന്റെ നിർമ്മിതിക്കാണ് ഒന്നാംസമ്മാനം. അനിൽവർമ, ടി.കെ.ദേവരാജൻ, ടി.പി.കുഞ്ഞിക്കണ്ണൻ എന്നിവർ ചേർന്ന് തയ്യാറാക്കിയ 'നോട്ടുനിരോധനവും ജി.എസ്.ടി.യും' എന്ന പുസ്തകത്തിന്റെ നിർമ്മിതിക്കാണ് രണ്ടാംസമ്മാനം.

മികച്ച സ്റ്റാളിന് ഒന്നാംസമ്മാനം തൃശൂർ മാതൃഭൂമി ബുക്സിനും രണ്ടാംസമ്മാനം തൃശൂർ അഹമ്മദിയ മുസ്ലിം ഇസ്ലാമിക് ഇന്റർനാഷണൽ പബ്ലിക്കേഷൻസിനും ലഭിച്ചു.

കവർ രൂപകല്പന, പുസ്തകനിർമ്മിതി, മികച്ച സ്റ്റാൾ എന്നിവയ്ക്ക് ഒന്നാംസമ്മാനം 3,000 രൂപയുടെ ക്യാഷ് അവാർഡും ഫലകവും സാക്ഷ്യപത്രവും, രണ്ടാംസമ്മാനം 2,000 രൂപയുടെ ക്യാഷ് അവാർഡും ഫലകവും സാക്ഷ്യപത്രവും ആണ്.

വിജയകുമാർമേനോൻ, ബിജി കൊങ്ങോർപ്പിള്ളി, കെ.ജി.ബാബു എന്നിവരടങ്ങിയ ജഡ്ജിങ് കമ്മിറ്റിയാണ് അവാർഡുകൾ നിശ്ചയിച്ചത്.

2018 ഫെബ്രുവരി 10-ന് ശനിയാഴ്ച വൈകുന്നേരം 4.30-ന് ദേശീയപുസ്തകോത്സവത്തിന്റെ സമാപനസമ്മേളനത്തിൽവെച്ച് സമ്മാനങ്ങൾ നൽകും.

ഡോ.കെ.പി.മോഹനൻ
സെക്രട്ടറി

# ഇന്നത്തെ പരിപാടി (08.02.2018)

തൃശൂർ : കേരള സാഹിത്യ അക്കാദമി ദേശീയപുസ്തകോത്സവവേദിയിൽ 10ന് സാഹിത്യക്വിസ്, 11ന് പുസ്തകപ്രകാശനം 'മഞ്ഞച്ചെമ്പകം പൂത്ത കാവ്', 2ന് ഡോക്യുമെന്ററി പ്രദർശനം - അഴീക്കോട് മാഷ്, 3ന് പുസ്തകപ്രകാശനം - ഗ്രീൻ ബുക്സ്, 5ന് കവിസമ്മേളനം, 7ന് ലങ്കാലക്ഷ്മി നൃത്താവിഷ്കാരം.